# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in
ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in

നം: ഇ എസ്3-22263/2026/ആ.വ.ഡ തീയതി: 07-10-2026

## സർക്കുലർ

വിഷയം:- ആ.വ.ഡ – ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് സർജൻ തസ്തികയിൽ തുടരുന്ന മെഡിക്കൽ ആഫീസർമാരുടെ (31.12.2025 നിലവെച്ചുള്ള) സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നത്– സംബന്ധിച്ച്:-

സൂചന:- ഉത്തരവ് ഇ എസ് 3-12660/2025/ആ.വ.ഡ തീയതി 22.05.2026

ആരോഗ്യവകുപ്പിൽ 31.12.2023 നിലവെച്ച് അസിസ്റ്റന്റ് സർജൻ തസ്തികയിൽ തുടരുന്ന മെഡിക്കൽ ആഫീസർമാരുടെ അന്തിമ സീനിയോറിറ്റിപട്ടിക സൂചന പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി സീനിയോറിറ്റി പട്ടികയിൽ ഉൾ പ്പെടുത്തുന്നതിനായി നിരവധി അപേക്ഷകൾ മെഡിക്കൽ ആഫീസർമാരിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടാതെ നിൽക്കുന്നവരും, 31.12.2025 ൽ അസിസ്റ്റന്റ് അസിസ്റ്റന്റ് സർജൻ തസ്തികയിൽ തുടരുന്നതുമായ മെഡിക്കൽ ആഫീസർമാർ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ വിവരങ്ങൾ രേഖപ്പെടുത്തി സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ് .

**സ്ഥാപന മേധാവികൾ പ്രൊഫോർമയിൽ കൃത്യമായും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും . ആയത് ജില്ലാ**

**മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് 31.12.2025 വരെയുള്ള എല്ലാ അസിസ്റ്റന്റ് സർജ്ജൻമാരും ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയ ശേഷം ഇതോടൊപ്പം ഉൾക്കൊളളിച്ചിരിക്കുന്ന Excel Sheet ൽ വിശദാംശങ്ങൾ രേഖപ്പെടുത്തി ഇ-മെയിൽ മുഖേന (essectiondhs@gmail.com) ഈ സ്ഥാപനത്തിൽ ലഭ്യമാക്കേണ്ടതും ആണ് .**

സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച പ്രൊഫോർമകൾ അതിൽ ഉൾപ്പെടുത്തിയിട്ടുള്ള ആവശ്യമായ രേഖകളുടെ പകർപ്പുകൾ സഹിതം 28/10/2026 ന് മുൻപായി ഈ ആഫീസിലേക്ക് അയച്ചു നല്കേണ്ടതുമാണ്.

Digitally signed by
Binu S
Date: 07-10-2026
14:49:48

**SENIOR SUPERINTENDENT**

സ്വീകർത്താവ്:

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബസൈറ്റ് മുഖാന്തിരം)

പകർപ്പ്:

1. എല്ലാ സ്ഥാപന മേധാവികൾക്കും (ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തിരം )
2. എല്ലാ മെഡിക്കൽ ആഫീസർമാർക്കും (സ്ഥാപന മേധാവി മുഖാന്തിരം)
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബസൈറ്റ്